"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- വയനാട് ജീവൻധാര ന്യൂട്രിമിക്സ് യൂണിറ്റിന് അങ്കണവാടികളിൽ ഭക്ഷ്യ വിതരണം -അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.118/2024/WCDD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- 1. സർക്കുലർ നം.സാനീവ-ബി1/363/2019/സാനീവ തീയതി 05.02.2020

2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 07.02.2022 ലെ DWCD/342/2022-ICDSB3 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിൽ ജീവൻധാര ന്യൂട്രിമിക്സ് യൂണിറ്റ് കഴിഞ്ഞ 16 വർഷമായി അങ്കണവാടികളിൽ ഭക്ഷ്യവിതരണം നടത്തി വരുന്നതായും, പരാമർശം(1) പ്രകാരം വയനാട് ജില്ലയിൽ നിന്നും, ടി സ്ഥാപനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, അങ്കണവാടികളിൽ ഭക്ഷ്യവിതരണം നടത്തുന്നതിന്, പ്രോജക്ടുകളിൽ നിന്നും അനുമതി ലഭ്യമാക്കണമെന്ന് ജീവൻധാര ന്യൂട്രിമിക്സ് യൂണിറ്റ് സെക്രട്ടറിയുടെ നിവേദന പ്രകാരം അപേക്ഷിച്ചിട്ടുള്ളതായും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. അങ്കണവാടി ഭക്ഷ്യവിതരണത്തിന് ടി സ്ഥാപനത്തിന് അനുമതി നൽകാവുന്നതാണെന്ന് ജില്ല കുടുംബശ്രീ മിഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്നും കൂടാതെ പരാമർശം (1) നമ്പർ സർക്കുലറിൽ വയനാട് ജില്ലയിൽ നിന്നും ഉൾ പ്പെട്ടിട്ടുള്ള 6 ന്യൂട്രിമിക്സ് യൂണിറ്റുകളിൽ ഒരു ന്യൂട്രിമിക്സ് യൂണിറ്റ് മാത്രമാണ് ഭക്ഷ്യവിതരണം നടത്തുന്നതെന്നും, ജീവൻധാര ന്യൂട്രിമിക്സ് യൂണിറ്റ് നിലവിൽ വിവിധ അങ്കണവാടികളിൽ ഭക്ഷ്യവിതരണം നടത്തുന്നുണ്ടെങ്കിലും ടി സ്ഥാപനത്തിന് സർക്കാർ അംഗീകാരമില്ലാത്തതിനാൽ ബില്ല് മാറി നൽകാൻ സാധിക്കുന്നില്ല എന്നും ടി സ്ഥാപനത്തിന് അനുമതി നൽകണമെന്നും ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ വയനാട് ജില്ലയിൽ ജീവൻധാര ന്യൂട്രിമിക്സ് യൂണിറ്റിന് കൂടി അങ്കണവാടികളിൽ ഭക്ഷ്യവിതരണത്തിന് അനുമതി നൽകുന്നതിന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിൽ അങ്കണവാടികളിൽ ഭക്ഷ്യവിതരണം നടത്തുന്നതിന് ജീവൻധാര ന്യൂട്രിമിക്സ് യൂണിറ്റിന് മതിയായ യോഗ്യതയുള്ളതിനാൽ ടി യൂണിറ്റിനെ കൂടി അങ്കണവാടികളിൽ ഭക്ഷ്യവിതരണത്തിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ.M.S.

അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ